بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 27.11.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*27.11.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ജമാഅത്തിനെ എവിടെയെങ്കിലും പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അവിടെ മസ്ജിദുകൾ നിർമിക്കണമെന്നും അങ്ങനെയായാൽ ജനങ്ങളുടെ ശ്രദ്ധ ഉണ്ടാകുമെന്നും ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇക്കാര്യം പ്രൗഢോജ്ജ്വലമായി പുലരുന്നത് നമുക്കെല്ലായിടത്തും കാണാൻ കഴിയുന്നു. ജപ്പാനിലും മസ്ജിദിന്റെ ഉദ്ഘാടന ഫംഗ്ഷനിൽ പങ്കെടുത്ത് ജനങ്ങളുടെ മുഖച്ഛായ മാറിയത് കാണുമ്പോൾ അത്ഭുതം തോന്നുന്നു.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ജപ്പാനിലെ ആദ്യത്തെ മസ്ജിദിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതിനായി പോയിരിക്കുകയായിരുന്നുവെന്ന് സ്നേഹിതന്മാർ അറിയുന്നതാണ്. അവിടെത്തെ ബാഹ്യമായ അവസ്ഥ നോക്കുകയാണെങ്കിൽ മസ്ജിദ് നിർമിക്കുക എന്നത് ഏറെ ദുഷ്കരമായ കാര്യമായിരുന്നു. ജപ്പാൻകാരനായ നമ്മുടെ വക്കീൽ എന്നെ കാണുകയുണ്ടായി. അദ്ദേഹം പറഞ്ഞു; "മസ്ജിദ് നിർമാണം പൂർത്തിയായതിൽ ഞാൻ അങ്ങേയ്ക്ക് ആശംസകൾ നേരുന്നു. പക്ഷേ, ഞാനിപ്പോഴും ചിന്തിക്കുകയും അത്ഭുതപ്പെടുകയുമാണ്. ഈ പ്രദേശത്ത് നിങ്ങൾക്ക് മസ്ജിദ് നിർമിക്കാൻ അനുവാദം കിട്ടിയെന്നത് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല." അദ്ദേഹം പറഞ്ഞു; "ഞാൻ നിങ്ങൾക്കുവേണ്ടി വാദിക്കുകയായിരുന്നു. പക്ഷേ, കേസ് വിജയിക്കുമെന്ന് എനിക്ക് പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട്, ഇക്കാര്യം ഉപേക്ഷിക്കുകയാണെങ്കിൽ അതു നല്ലതായിരിക്കുമെന്ന് ഒരവസരത്തിൽ ഞാൻ മസ്ജിദ് കമ്മിറ്റിയോടു പറയുകകൂടി ചെയ്തിരുന്നു. പക്ഷേ, ജമാഅത്തംഗങ്ങളുടെ ദൈവസമർപണം അപാരമായിരുന്നു. അവർ പറഞ്ഞു; താങ്കൾ ശ്രമിച്ചുകൊണ്ടിരിക്കുക. ഈ സ്ഥലം ഇൻശാ അല്ലാഹ് നമുക്ക് കിട്ടുന്നതാണ്. അദ്ദേഹം പറഞ്ഞു: "ഇന്ന് ഈ മസ്ജിദ് എനിക്ക് തീർച്ചയായും അത്ഭുതകരമായൊരു കാര്യവും ദൃഷ്ടാന്തവുമാണ്." എന്തായാലും ഇത് അല്ലാഹുവിന്റെ ഫള്‌ലാണ്. അത് അവൻ എല്ലാ അവസരത്തിലും ജമാഅത്തിന്റെമേൽ ചെയ്തുകൊണ്ടിരിക്കുന്നതും നമ്മുടെ ഈമാൻ വർധിപ്പിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഓരോ ജോലിക്കും അല്ലാഹു ഓരോ സമയം ക്ലിപ്തപ്പെടുത്തിട്ടുണ്ട്. ആ സമയം വരുമ്പോൾ അല്ലാഹുവിന്റെ ഫള്‌ൽകൊണ്ട് ആ ജോലി നടന്നു പോകുന്നു. ഈ മസ്ജിദ് ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിച്ചപ്പോൾ എല്ലാ തടസ്സങ്ങളുണ്ടായിട്ടും മസ്ജിദ് നിർമിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുകയും ഈ രാജ്യത്ത് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാനുള്ള ആദ്യ കേന്ദ്രം നിലവിൽ വരികയും ചെയ്തു. ഒരു മസ്ജിദിനോ ഒരു കേന്ദ്രത്തിനോ രാജ്യം മുഴുവൻ ഇസ്‌ലാമികാധ്യാപനം പ്രചരിപ്പിക്കാൻ മതിയാകുന്നതല്ല എന്നതിൽ സംശയമില്ല. പക്ഷേ, ഇതോടു കൂടി ജപ്പാനിൽ ഇസ്‌ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കുന്നതിനുള്ള അസ്തിവാരമിടപ്പെട്ടു എന്നത് ഉറപ്പായ കാര്യമാണ്. ചിലയാളുകളുടെ ചിന്താഗതികളും ഞാൻ പറയുന്നതാണ്. ഇതിൽ നിന്ന് അഹ്മദിയ്യാ ജമാഅത്തു മുഖേന പറയപ്പെട്ട ശരിയായ അധ്യാപനങ്ങളെ ജപ്പാൻകാർ എങ്ങനെയാണ് കണ്ടതെന്ന് മനസ്സിലാകുന്നതാണ്. ഇതുണ്ടാകേണ്ടതായിരുന്നു. കാരണം നബി (സ) തിരുമേനിയുടെ സത്യദാസൻ മുഖേനതന്നെ ഇത് വിധിക്കപ്പെട്ടതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) എപ്രകാരം ലോകത്തിലെ ബാക്കിയുള്ള രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം എത്തിക്കുന്നതിനുള്ള വെപ്രാളം പ്രകടിപ്പിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിരുന്നുവോ അതേപ്രകാരം ജപ്പാനെ സംബന്ധിച്ചും പറഞ്ഞു: "ജപ്പാൻകാർക്കു വേണ്ടി ഒരു ഗ്രന്ഥമെഴുതുകയും ആയിരം രൂപകൊടുത്ത് അത് നല്ല സാഹിത്യ ഭാഷയിൽ പരിഭാഷപ്പെടുത്തുകയും അതിന്റെ പതിനായിരം കോപ്പി അച്ചടിച്ച് ജപ്പാനിൽ പ്രസിദ്ധീകരിക്കുകയും വേണ്ടതാണ്." ആ മഹാത്മാവ് ഇങ്ങനേയും പറഞ്ഞു; "ജപ്പാനിലെ സൽപ്രകൃതക്കാരായവർ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതാണ്." അൽഹംദുലില്ലാഹ് വിശുദ്ധ ഖുർആനുൾപ്പെടെ ആയിരക്കണക്കിന് പുസ്തകങ്ങളാണ് ജപ്പാൻ ഭാഷയിൽ ഇന്നു തയ്യാറായിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ഈ മസ്ജിദിന്റെ ഉദ്ഘാടനത്തോടെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹം പൂർത്തിയാക്കാൻ വേണ്ടി കോടിക്കണക്കിന് ആളുകൾവരെ ഇസ്‌ലാമിന്റെ സന്ദേശം എത്തുന്നതിനുവേണ്ടിയുള്ള കവാടങ്ങളും തുറന്നിരിക്കുകയാണ്. ഞാൻ പറഞ്ഞതുപോലെ ജനങ്ങളിലുണ്ടായ ചിന്താഗതികൾ പറയുന്നതാണ്. ഇതു മുഖേന ഇസ്‌ലാമിനെകുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങൾ തന്നെ മാറ്റപ്പെട്ടു. ആദ്യമുണ്ടായിരുന്നത് മറ്റു ചില ചിന്താഗതികളായിരുന്നു. ഇപ്പോൾ അത് തികച്ചും മാറിയിരിക്കുന്നു.

മസ്ജിദിന്റെ ഉദ്ഘാടനത്തിലും ഫംഗ്ഷനിലും പങ്കെടുത്ത് ഇസ്‌ലാമിന്റെ അധ്യാപനത്തെ കുറിച്ച് അറിയാൻ കഴിഞ്ഞെന്നും ഇസ്‌ലാമിനെ കുറിച്ചുണ്ടായിരുന്ന തങ്ങളുടെ തെറ്റായ ധാരണകളെല്ലാം അകന്നുപോയെന്നും അവർ പരസ്യമായും പ്രകടിപ്പിച്ചു. ജമാഅത്തിനെ എവിടെയെങ്കിലും പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ അവിടെ മസ്ജിദുകൾ നിർമിക്കണമെന്നും അങ്ങനെയായാൽ ജനങ്ങളുടെ ശ്രദ്ധ ഉണ്ടാകുമെന്നും ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഇക്കാര്യം പ്രൗഢോജ്ജ്വലമായി പുലരുന്നത് നമുക്കെല്ലായിടത്തും കാണാൻ കഴിയുന്നു. ജപ്പാനിലും മസ്ജിദിന്റെ ഉദ്ഘാടന ഫംഗ്ഷനിൽ പങ്കെടുത്ത് ജനങ്ങളുടെ മുഖച്ഛായ മാറിയത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. വെള്ളിയാഴ്ച ജുമുഅ ആയിരുന്നു. ജുമുഅയുടെ നേരത്തും ജപ്പാനീ അതിഥികൾ മസ്ജിദിൽ വന്നിരുന്നു. ഞാൻ ചെന്നപ്പോൾ ആദ്യം അനാച്ഛാദനമായിരുന്നു. കുറേ ആളുകൾ വെളിയിൽ നില്പുണ്ടായിരുന്നു. പിന്നീട് അവർ ഉള്ളിൽ വന്ന് മസ്ജിദിലും ഇരുന്നു. ഖുത്ബയും കേട്ടു. നമ്മൾ നമസ്കരിക്കുന്നതും കണ്ടു. 49,50

നോടടുത്ത് ജപ്പാൻകാരായ അതിഥികളുണ്ടായിരുന്നു. അവരിൽ ശൈശോയിസത്തിൽ വിശ്വസിക്കുന്നവർക്കും ബുദ്ധമതക്കാർക്കും പാതിരി നേതാക്കന്മാർക്കും പുറമെ പ്രദേശത്തെ പാർലമെന്റംഗങ്ങളും പ്രൊഫസർമാരും മറ്റു വിഭാഗങ്ങളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തിരുന്നു. ആ പങ്കെടുത്തവരുടെ മനോഭാവം ഞാൻ പറയുകയാണ്.

◆ ഒരാളുടെ പേര് ഒസാമു (Osamu) സാഹിബ് എന്നാണ്. അദ്ദേഹം ചർച്ച ഓഫ് ജീസസ് ക്രൈസ്റ്റിന്റെ (Church of Jesus Christ)ഡയറക്ടർ ഓഫ് പബ്ലിക് അഫ്യേഴ്സാണ്. അദ്ദേഹം പറയുന്നു: " ഈ മസ്ജിദ് ജപ്പാൻകാരുടേയും ഇസ്‌ലാമിന്റേയുമിടയിൽ ഒരു പാലംപോലെ പ്രവർത്തിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

◆ മറ്റൊരു പ്രീസ്റ്റ് തായ്ജോണ് സാത്തോ (Taijun Sato) പറയുന്നു: "ഒരു ബുദ്ധമതക്കാരൻ എന്നനിലയിൽ മസ്ജിദിൽ പ്രവേശിച്ചത് വളരെ നന്നായിത്തോന്നി. അമുസ്‌ലിമിനും ബുദ്ധമതക്കാരനും മസ്ജിദിൽ പ്രവേശിച്ചു കൂടാ എന്നാണ് ഞങ്ങൾ കരുതിയിരുന്നത്. പക്ഷേ, ഞങ്ങളെ അത്യുത്സാഹത്തോടെ വരവേറ്റു എന്ന് മാത്രമല്ല നമസ്കാരത്തിലും ഖുത്ബയിലും പങ്കെടുത്ത് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടായി. ഇസ്‌ലാമിനെ കുറിച്ചുണ്ടായിരുന്ന ഞങ്ങളുടെ ചിന്താഗതി മാറ്റപ്പെട്ടു."

◆ സിറ്റി പാർലമെന്റംഗം പറഞ്ഞു, "ഞങ്ങളുടെ പ്രദേശത്തുണ്ടായിട്ടുള്ള മസ്ജിദ് നിർമാണത്തെ സ്വാഗതം ചെയ്യുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാടനുസരിച്ച് ഈ മസ്ജിദ് മനുഷ്യത്വത്തെ സ്നേഹിക്കുന്നവരുടേയും സൃഷ്ടിസേവനത്തിൽ വിശ്വസിക്കുന്നവരുടേയും കേന്ദ്രമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു."

◆ ഇശീനോ മാക്കി (Ishinomaki)സിറ്റിയിലെ പാർലമെന്റംഗമാണ്. ആയിരം കിലോമീറ്റർ യാത്ര ചെയ്ത് മസ്ജിദിന്റെ പരിപാടിയിൽ പങ്കെടുക്കാൻ വന്നതാണ്. അദ്ദേഹം പറയുന്നു: "ഈ മനോഹരമായ മസ്ജിദ് കണ്ടുടനെ എന്റെ യാത്രയുടെ ക്ഷീണം അകന്നു." അദ്ദേഹം പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്ത് ജപ്പാനിലുണ്ടായ ഭൂകമ്പങ്ങളിൽ ചെയ്ത സേവനം മുഖേന കരസ്ഥമാക്കിയ സൽപേര് ഈ മസ്ജിദ് മുഖേന വർധിക്കാൻ കാരണമാകുമെന്ന് പ്രതീക്ഷിക്കുകയാണ്."

◆ എയ്ച്ചി (Aichi)എഡ്യുക്കേഷൻ യൂണിവേഴ്സിറ്റിയുടെ പ്രൊഫസർ മെനെസാക്കി ഹിറോക്കോ (Minesaki Hiroko) സാഹിബ് പറയുന്നു: "ജപ്പാനിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദ് നിർമാണം വളരെ അനിവാര്യമായിരുന്നു. ലോകത്ത് ഇസ്‌ലാമിന്റെ സുന്ദരമുഖം പ്രദർശിപ്പിക്കുന്നതിൽ അഹ്മദിയ്യാ ജമാഅത്തിന് വളരെ വ്യക്തമായ പങ്കുണ്ട്. ഈ മസ്ജിദ് മുഖേന ജമാഅത്ത് കൂടുതൽ അറിയപ്പെടുമെന്നും ലോകത്ത് യഥാർഥമായ ശാന്തിയും സമാധാനവും വ്യാപിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു."

ശനിയാഴ്ച്ച വൈകുന്നേരം അവിടെ ഒരു റിസപ്ഷനും (reception)മസ്ജിദിനെ ഉദ്ധരിച്ച് സംഘടിപ്പിച്ചിരുന്നു. അത് മസ്ജിദിന്റെ അങ്കണത്തിൽ തന്നെയായിരുന്നു. ഈ പരിപാടിയിലും ഏകദേശം 109 ജപ്പാൻകാരായ അതിഥികളും 8 വിദേശ രാജ്യങ്ങളിലെ ജമാഅത്തിനു വെളിയിലുള്ള അതിഥികളും പങ്കെടുത്തു. ഈ അതിഥികളിൽ എ എം എ സിറ്റി ഇന്റർനാഷണൽ അസോസിയേഷന്റെ പ്രസിഡന്റും രണ്ടു പാർലമെന്റംഗങ്ങളും മൂന്ന് സിറ്റി പാർലമെന്റംഗങ്ങളും ഇന്റർ നാഷണൽ ടൂറിസത്തിന്റെ ഡയറക്ടറും പ്രീസ്റ്റ് ഓഫ് സോട്ടോടെമ്പിളിന്റെ പ്രസിഡന്റും യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും ഐച്ചി എഡ്യുക്കേഷണൽ യൂണിവേഴ്സിറ്റിയുടെ പ്രസിഡന്റും ഡോക്ടർമാരും ടീച്ചർമാരും വക്കീലുമാരും മറ്റു വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തിരുന്നു.

◆ ഇതിൽ പങ്കെടുത്ത ബുദ്ധമതക്കാരനായ ഒരു പ്രീസ്റ്റ് പറയുന്നു; "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ആഗമനം വളരെ നല്ലൊരു സമയത്താണുണ്ടായത്. പാരീസിലെ ഭീകരാക്രമണത്തിനു ശേഷം ജനങ്ങൾ തികച്ചും അസ്വസ്ഥതയിൽ അകപ്പെട്ടിരിക്കുന്ന അവസ്ഥയാണിത്." അദ്ദേഹം പറയുന്നു; "എത്ര മാത്രം മനോഹരവും അങ്ങേയറ്റം സരളവുമായ നിലയിലാണോ അദ്ദേഹം സംസാരിച്ചതും ഇസ്‌ലാമിനെ പ്രശംസിച്ചതും അതു മുഖേന ഞങ്ങളുടെ മനസ്സുകളിൽ ഇസ്‌ലാമിനെ കുറിച്ച് തറച്ചിരുന്ന കാര്യങ്ങൾ അവസാനിച്ചു പോയി. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ആഗമനവും ഈ മസ്ജിദിന്റെ നിർമാണവും ഞങ്ങളുടെ പരിഭ്രമവും വ്യാകുലതയും ഒറ്റയടിക്ക് ഇല്ലാതാക്കി.

◆ ഇട്ടോ ഹിറോശി (Ito Hiroshi)സാഹിബ് ഒരു വക്കീലാണ്. അദ്ദേഹം വിവിധ അവസരങ്ങളിൽ നിയമപരമായി സഹായിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു; "എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസമാണിത്." പറയുന്നു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പറഞ്ഞ എല്ലാ കാര്യങ്ങളും സത്യത്തിലധിഷ്ഠിതമാണ്. അദ്ദേഹം സമാധാനത്തേയും മൃദുലമായ പെരുമാറ്റത്തേയും കുറിച്ച് ഉപദേശിച്ചിടത്ത് നീതിയേയും ന്യായത്തേയും പ്രകാശിപ്പിക്കേണ്ടതിനെ കുറിച്ചും പറഞ്ഞു. അത് വളരെ നല്ല കാര്യമാണ്. അതിന്റെ ആവശ്യമുണ്ട്."

◆ ഒരു യൂണിവേഴ്സിറ്റിയിലെ വിദ്യാർഥി പറയുന്നു: "എന്റെ വീട് ബുദ്ധിസ്റ്റ് പ്രീസിറ്റിന്റെ വീടാണ്. എന്റെ വീട് ടെമ്പിളാണ്. എനിക്ക് ഇസ്‌ലാമിനോട് ഒരുപാട് താൽപര്യമുണ്ടായിരുന്നു. പക്ഷേ, ഒരു മുസ്‌ലിമുമായി സംസാരിക്കാൻ ഒരിക്കലും അവസരം കിട്ടിയില്ല. ഗ്രന്ഥങ്ങളിൽനിന്ന് കിട്ടുന്നത് വായിച്ചു. എന്നാൽ, ഇന്ന് ഈ ഉൽഘാടനപരിപാടിയിൽ പങ്കെടുത്തും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംസാരം കേട്ടും എനിക്കു ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണാൻ കഴിയുകയും പുതിയൊരു അധ്യായം എന്നിൽ തുറക്കുകയും ചെയ്തിരിക്കുന്നു."

◆ ഒരു വനിത യുക്കി സിൻഗ്സാക്കി(Yuki Sngisaki)സാഹിബ പറയുന്നു: "അന്തസ്സാർന്ന ഈ പരിപാടിയിൽ ക്ഷണിച്ചതിന് ഹൃദയംഗമമായി നന്ദി പറഞ്ഞു കൊള്ളുന്നു. ഈ നഗരത്തിൽ ഇത്ര ഗംഭീരമായ മസ്ജിദ് ഉണ്ടാകുക ഞങ്ങൾക്കും വളരെ സന്തോഷമുള്ള കാര്യമാണ്. ഞാനൊരു യൂണിവേഴ്സിറ്റിയിലെ വിദ്യാർഥിനിയാണ്. വിവിധ മതങ്ങളെകുറിച്ച് ഗവേഷണം നടത്തിവരികയാണ്. ഈ പരിപാടിയിൽ പങ്കെടുത്തതിനുശേഷം ഇസ്‌ലാമിനെ കുറിച്ച് ഞങ്ങൾക്കുള്ള അറിവ് വളരെ പരിമിതമാണെന്ന് എനിക്ക് ബോധ്യം വന്നു. അക്കാരണത്താൽ ഞങ്ങൾ തെറ്റായ ധാരണക്ക് ഇരയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം ഇക്കാലത്തിന്റെ ആവശ്യമാണ്. ഞാൻ ആ പ്രഭാഷണത്തിൽനിന്ന് ഇസ്‌ലാമിനെകുറിച്ച് ധാരാളം പഠിച്ചു. ജപ്പാൻകാരായ ഞങ്ങൾക്ക് ഇസ്‌ലാമിനെ കുറിച്ച് അധികമൊന്നും അറിയില്ല. എന്നല്ല ഇസ്‌ലാമിനെ ഭയപ്പെടുന്നവരാണ്. എന്നാൽ, ഇന്നത്തെ പ്രസംഗം കൊണ്ട് ഇസ്‌ലാം എന്താണെന്ന് ഞങ്ങൾക്കു മനസ്സിലായി. മസ്ജിദ് നിർമാണത്തിനു ശേഷം ഞാൻ മനസ്സിലാക്കുന്നത്, ഇത്തരത്തിലുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുമെന്നാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായും അദ്ദേഹത്തിന്റെ ജമാഅത്തുമായും കൂടിക്കാഴ്ച്ചയ്ക്കുള്ള അവസരം കിട്ടി. പരസ്പര

സ്നേഹവും സമാധാനവും മൈത്രിയും എനിക്ക് അവരുടെ മുഖങ്ങളിൽ കാണാൻ കഴിഞ്ഞു. അവരുമായി കൂടിക്കാഴ്ച്ച നടത്തിയ ശേഷം അവരിൽ ഒരുപാട് പ്രേമവായ്പും സ്നേഹവും കണ്ടു.”

◆ മറ്റൊരു ജപ്പാൻ സ്നേഹിതൻ ടോയോ സക്കൂറായ് (Toyo Sakurai) സാഹിബ് പറയുന്നു: “ഇന്ന് പരിപാടിയിൽ പങ്കെടുത്തും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംസാരം കേട്ടും ഈ ലോകത്തിന്റെ സമാധാനത്തെ കുറിച്ച് ചിന്തിക്കാൻ അവസരം കിട്ടി. ഈ അവസരം സംഘടിപ്പിച്ചുതന്നതിന് ഞാൻ ഹൃദയംഗമമായി നന്ദി പറഞ്ഞുകൊള്ളുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സമാധാനത്തെ സംബന്ധിച്ച് മാത്രമാണ് സംസാരിച്ചത്. മറഞ്ഞിരിക്കുന്ന അപകടങ്ങളെകുറിച്ച് ലോകത്തെ ഉണർത്തുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ, മുസ്ലിംകൾ ലോകത്തിനുമേൽ ആധിപത്യം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നു എന്നുള്ള ഞങ്ങളുടെ ഭയാശങ്കകളും അകറ്റി. ഞാൻ ആവർത്തിച്ചാവർത്തിച്ച്, നമ്മൾ അദ്ദേഹവുമായി ചേർന്നുകൊണ്ട് സമാധാനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണെന്ന് പറയുകയാണ്. ഇസ്ലാമിനെ കുറിച്ച് പഠിക്കേണ്ടതും, അതിനെ മനസ്സിലാക്കേണ്ടതും ഇപ്പോൾ നമുക്ക് നിർബന്ധകടമയായിരിക്കുന്നു.”

◆ ജപ്പാൻകാരനായ ഒരു അധ്യാപകൻ പറയുന്നു; “അഹ്മദിയ്യാ ജമാഅത്തിലെ സ്നേഹിതന്മാർ പ്രതിസന്ധിഘട്ടങ്ങളിൽ നമ്മെ സഹായിച്ചു. ഇക്കാര്യം എനിക്കു മുമ്പേ അറിയുമായിരുന്നില്ല.” കാരണം അവിടെ ധാരാളം പ്രസംഗകർ വിവിധ ഭൂകമ്പങ്ങൾ ഉണ്ടായ ഘട്ടങ്ങളിലും സുനാമി ഉണ്ടായപ്പോഴും അഹ്മദിയ്യാ ജമാഅത്ത് സഹായിച്ചത് എടുത്തു പറഞ്ഞിരുന്നു. “ഇക്കൂട്ടർ ഭയങ്കരന്മാരല്ലെന്ന് സ്കൂളിലെ കുട്ടികളോട് ഇനി എനിക്ക് പറയാൻ കഴിയും.” പറയുന്നു:“അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ വളരെ സരളമായ നിലയിൽ ഇസ്ലാമിനെക്കുറിച്ച് വിവരിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം വളരെവേഗം മനസ്സിലാകുന്നതായിരുന്നു.

◆ ഈ പരിപാടിയിൽ പങ്കെടുത്ത ഒരു സ്നേഹിതൻ പറയുന്നു:‘ഈ പരിപാടിയിൽ പങ്കെടുക്കുകയും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം കേട്ടതിനുംശേഷം ഞങ്ങൾക്ക് ഇസ്ലാമിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ കരസ്ഥമാക്കേണ്ട വലിയ ആവശ്യമുണ്ടെന്ന് മനസ്സിലായി. ജപ്പാൻ ഒരു ദ്വീപാണ്. ഇവിടത്തെ ആളുകൾ പുറംലോകവുമായി ബന്ധമില്ലാത്തവരും പരിചയമില്ലാത്തവരുമാണ്. അതുകൊണ്ട് അവർ ഇസ്ലാമിനെ സംബന്ധിച്ച് അത് ഭീകരമതമാണെന്ന് കരുതി മുന്നോട്ടു വരാതെ അറച്ചു നില്ക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ആഗമനവും ഈ മസ്ജിദിന്റെ നിർമാണവും അവരുടെ ചിന്താഗതിയിൽ ഒരു പോസ്റ്റീവായിട്ടുള്ള മാർഗമാകും.

◆ ഒരു വിദ്യാർഥി പറയുന്നു: “അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ട് ഞാൻ വളരെ വികാരനിർഭരനായിപ്പോയി. അദ്ദേഹത്തിന്റെ വാക്കുകൾ മനസ്സുകളെ മാറ്റി മറിക്കുന്നതാണെന്നതിൽ ഒരു സംശയവുമില്ല.’ വീണ്ടും പറയുന്നു: “ജമാഅത്തിന്റെ ഇമാം പറഞ്ഞു,‘ഭീകരപ്രവർത്തകർ നഷ്ടമുണ്ടാക്കുന്ന പണികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ വളരെ നല്ലതാണ്. ഇതിൽനിന്ന് മനസ്സിലാകുന്നത് ഇസ്ലാമിനെക്കുറിച്ച് മാധ്യമങ്ങൾ പറയുന്നത് വസ്തുതകളിൽനിന്ന് തികച്ചും വ്യത്യസ്തമാണെന്നാണ്.”

ഹുദൂർ അയ്യദഹുല്ലാഹ് ധാരാളം ആദരണീയ വ്യക്തികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായങ്ങൾ വിവരിക്കുകയുണ്ടായി. ശേഷം പറഞ്ഞു: അല്ലാഹുവിന്റെ ഫള്ല്കൊണ്ട് മാധ്യമങ്ങൾ മുഖേനയും മസ്ജിദിന്റെ ഉൽഘാടനത്തെ സംബന്ധിച്ച് ഒരുപാട് ചർച്ചയുണ്ടായി. വിപുലമായ നിലയിൽ ജപ്പാനികൾക്ക് സന്ദേശമെത്തി. എന്റെ വിവിധ അഭിമുഖങ്ങൾ-നാലു അഭിമുഖങ്ങളാണ് നടന്നത്, മൂന്നെണ്ണം ഇവിടെ മസ്ജിദിനുവേണ്ടിയും ഒരെണ്ണം ടോക്കിയോയിലും. ഈ മസ്ജിദിന്റെ ഉൽഘാടനാവസരത്തിൽ അഞ്ച് ടി.വി.ചാനലിന്റെയും വിവിധ പത്രങ്ങളുടെ പ്രതിനിധികളും ജേർണലിസ്റ്റുകളും വന്നിരുന്നു. പത്രങ്ങൾ മുഖേനയും അല്ലാഹുവിന്റെ ഫള്ല് കൊണ്ട് വളരെ നല്ല പ്രചാരണം നടന്നുവെന്ന് ഹുദൂർ പറഞ്ഞു. ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: എന്തായാലും ഈ ടി.വി.ചാനലുകളും പത്രങ്ങളും ഇന്റർനെറ്റും വെബ്സൈറ്റുകളും മുഖേന മസ്ജിദ് ഉൽഘാടനവേളയിൽ പ്രസിദ്ധീകരിച്ച വാർത്തകൾ മൊത്തത്തിൽ ഏകദേശം അഞ്ചുകോടി ഇരുപത് ലക്ഷം ആളുകൾവരെ ഇസ്ലാമിന്റെ സന്ദേശമെത്താനിടയാക്കി. മസ്ജിദ് മുഖേന ഇസ്ലാമിന്റെ യഥാർഥമായ സന്ദേശം എത്തിയകാരണത്താൽ നമുക്ക് കാണാൻ കഴിഞ്ഞ അല്ലാഹുവിന്റെ തുണയുടേയും സഹായത്തിന്റേയും ദൃശ്യങ്ങളാണിത്. ഹുദൂർ പറഞ്ഞു: ടോക്കിയോയിലും ഒരു ഫംഗഷനുണ്ടായിരുന്നു. അതിൽ 63 ജപ്പാൻ അതിഥികൾ പങ്കെടുത്തിരുന്നു. ഇവരിൽ ഒരു ബുദ്ധിസ്റ്റ് കക്ഷിയുടെ ചീഫ് പ്രീസ്റ്റും നീഹോൺ യൂണിവേഴ്സിറ്റിയിലെ ചാൻസലറും പ്രസിദ്ധ കവിയായ ബിസിനസ് അഡ്വൈസർ മിസ്റ്റർ മാർട്ടിനും ജപ്പാനിലെ മറ്റു വലിയ പത്രങ്ങൾക്ക് വാർത്തകൾ നല്കുന്ന ചീഫ് റിപ്പോർട്ടറും ഒരു പ്രസിദ്ധ രാഷ്ട്രീയ നേതാവിന്റെ മകളും-ഇവരും രാഷ്ട്രീയനേതാവാണ്-ഒരു വലിയ വാഹനനിർമാണ കമ്പിനിയുടെ പ്രസിഡന്റും ജീവിതത്തിന്റെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവരും പങ്കെടുത്തിരുന്നു.

◆ ഡീഹോൺ യൂണിവേഴ്സിറ്റിയിലെ ചാൻസലർ മിസ്റ്റർ ഉറാനോ താൻസുനോ (Urano Tatsuno)സാഹിബ് പറയുന്നു: ‘താങ്കൾ ഞങ്ങളോട് എന്താണ് പറയാൻ പോകുന്നതെന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. പക്ഷേ, 20 മിനിറ്റിനുള്ളിൽ താങ്കൾ കഴിഞ്ഞകാല ചരിത്രവും ഭാവിയിൽ വരാൻ പോകുന്ന അവസ്ഥകളും എല്ലാം അടങ്ങുംവിധം വിവരിച്ചു. താങ്കൾ യാഥാർഥ്യങ്ങളുടേയും ഉദ്ധരണികളുടേയും അടിസ്ഥാനത്തിലാണ് സംസാരിച്ചത്. യുദ്ധം കൊണ്ടുണ്ടാകുന്ന കെടുതികളെ കുറിച്ചും പറഞ്ഞു. ഭാവിയിലെ യുദ്ധങ്ങളിൽനിന്ന് രക്ഷപ്പെടാൻ മുന്നറിയിപ്പും നല്കി. അങ്ങേയറ്റം ചുരുങ്ങിയ സമയത്തിനുള്ളിൽ ഇസ്ലാമികാധ്യാപനവും പറഞ്ഞു.’ അദ്ദേഹം എന്റെ പ്രസംഗത്തെ കുറിച്ച് പറയുന്നു: ‘ഈ എല്ലാ കാര്യങ്ങളുമടങ്ങിയ പ്രസംഗം ഇംഗ്ലീഷിലും ജപ്പാനി ഭാഷയിലും പ്രസിദ്ധീകരിച്ച് ജപ്പാനിൽ മുഴുവനും വിതരണം ചെയ്യേണ്ടതാണ്.’

◆ ബിസിനസ് അഡ്വൈസറും കവിയുമായ ഒരു സ്നേഹിതൻ പറയുന്നു. അദ്ദേഹം സമാധാനത്തേയും സ്നേഹത്തേയും കുറിച്ച് ഒരു പുസ്തകമെഴുതിയിരുന്നു. എന്നെ കാണുകയും ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞു:‘എന്തൊന്നാണോ ഞാൻ പുസ്തകത്തിലെഴുതിയിരുന്നത് താങ്കൾ അതിൽ ഇന്ന് സീൽ വച്ചിരിക്കുന്നു.’

ഹുദൂർ അയ്യദഹുല്ലാ ഈ അവസരത്തിലും ധാരാളം ആദരണീയ വ്യക്തികളുടെ അഭിപ്രായങ്ങൾ വിവരിക്കുകയുണ്ടായി.

അല്ലാഹുവിന്റെ ഫള്ല്കൊണ്ട് മസ്ജിദിന്റെ ഉൽഘാടനത്തിന്റേയും ഹ്രസ്വമായ പര്യടനത്തിന്റേയും ഞാൻ പറഞ്ഞതുപോലെ വലിയ പോസ്റ്റീവായിട്ടുള്ള ഫലങ്ങൾ വെളിപ്പെട്ടു. അല്ലാഹു ജപ്പാനിലെ ജമാഅത്തിനും മസ്ജിദ് മുഖേന ഉണ്ടായിട്ടുള്ള ഈ വിശാലമായ പരസ്യം വ്യാപിപ്പിക്കാനും ജപ്പാൻകാർക്ക് അഹ്മദിയ്യാ ജമാഅത്തിലുള്ള പ്രതീക്ഷയ്ക്കൊത്ത് പൂർണമായും

പരിശ്രമിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് അവിടെ അഹ്മദിയ്യത്തിന്റെ സന്ദേശം അതിവേഗം പ്രചരിപ്പിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

ഹുദൂർ പറഞ്ഞു:പാക്കിസ്ഥാനിൽ മൗലവിമാരുടെ പകയും വിദ്വേഷവും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ജമാഅത്തിന്റെ അഭിവൃദ്ധി കണ്ടിട്ട് അവരുടെ അസൂയാഗ്നി ആളിക്കത്തിക്കൊണ്ടിരിക്കുന്നു. ഇവിടെ ഞാൻ ഇതുംകൂടി പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം പാക്കിസ്ഥാനിലെ ഝലമിൽ മൗലവിമാരിൽനിന്ന്, ഭീകരവാദികളിൽനിന്ന് അക്രമത്തിന്റേയും മൃഗീയതയുടേയും ഒരു പ്രകടനമുണ്ടായി. അവിടെ അഹ്മദികൾ ഉടമസ്ഥരായിട്ടുള്ള ചിപ്പ് ബോർഡ് ഫാക്ടറിക്ക് തീയിട്ടു. അവരുടെ ശ്രമം അഹ്മദീ തൊഴിലാളികളേയും ഉടമസ്ഥരേയും ജീവനോടെ കത്തിക്കുക എന്നതായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ ഫള്ലാണ് അതിൽ അവർക്ക് വിജയിക്കാൻ കഴിഞ്ഞില്ല. എന്തായാലും സാമ്പത്തികനഷ്ടമുണ്ടായിട്ടുണ്ട്. 74 ലും ഇക്കൂട്ടർ തീ വെക്കുകയും അഹ്മദികളെ പരീക്ഷണത്തിൽ അകപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. പക്ഷേ, തീ വെച്ചവരുടേയും അഹ്മദികളെ പരീക്ഷണത്തിലകപ്പെടുത്താൻ ശ്രമിച്ചവരുടേയും ആഗ്രഹങ്ങൾ പൂർത്തിയായില്ല. അവരുടെ മനസ്സിലുണ്ടായിരുന്നത് അങ്ങനെതന്നെ ഇരുന്നുപോയി. അഹ്മദികളെ പിച്ചച്ചട്ടി പിടിപ്പിക്കാൻ ആഗ്രഹിച്ചിരുന്നവർ ഭിക്ഷയാചിച്ച് നടക്കുന്നത് നമ്മൾ കണ്ടു. ഇങ്ങനെയാണ് അല്ലാഹു ജമാഅത്തിനോടു പെരുമാറുന്നത്. അതിനാൽ ഈ പരീക്ഷണം നമ്മുടെ ഈമാനിനെ പിടിച്ചുകുലുക്കുന്നതല്ല മറിച്ച് ശക്തിപ്പെടുത്തുന്നതാണ്.

ഈ ചിപ്പ്ബോർഡ് ഫാക്ടറി ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ മകൻ സാഹിബ് സാദ മിർസാ മുനീർ അഹ്മദ് സാഹിബിന്റേതായിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ മക്കളായിരുന്നു അതിന്റെ ഉടമസ്ഥർ. അത്തരം നഷ്ടങ്ങൾ ഉണ്ടാകുമ്പോൾ ഒരു മുഅ്മിൻ എങ്ങനെയാണോ പ്രതികരിക്കേണ്ടത് ആ പ്രതികരണമാണ് ഇവർ നടത്തിയതെന്നതിൽ എനിക്ക് സന്തോഷമുണ്ട്. നന്ദിയുടെ വാക്യങ്ങളാണ് അവരുടെ നാവിൽനിന്ന് പുറത്തുവന്നുകൊണ്ടിരുന്നത്. അല്ലാഹു അവരുടെ അഹ്മദീ തൊഴിലാളികളുടെ ജീവനും ധനവും സുരക്ഷിതമാക്കിവെച്ചു. അവരേയും രക്ഷിച്ചു. സ്ത്രീകളേയും കുട്ടികളേയും രക്ഷിച്ചു. അവരുടെ ചാരിത്രവും കാത്തുസൂക്ഷിച്ചു. മിർസാ മുനീർ അഹ്മദ് സാഹിബിന്റെ മൂത്ത മകനാണ് മിർസാ നസ്വീർ അഹ്മദ് ത്വാരിഖ്. അദ്ദേഹമാണ് ഫാക്ടറിയുടെ മേലധികാരി. അതിന്റെ ഉള്ളിൽത്തന്നെയാണ് അദ്ദഹം കുടുംബസമേതം താമസിക്കുന്നത്. അതുപോലെ ഫാക്ടറിയിൽ ജോലി ചെയ്യുന്ന അദ്ദേഹത്തിന്റെ മകന്റെ വീടും ഫാക്ടറിക്കുള്ളിൽത്തന്നെയാണ്. എല്ലാവരേയും അല്ലാഹു രക്ഷിച്ചു. ഇപ്രകാരംതന്നെ ഒരുപാട് അഹ്മദീ തൊഴിലാളികളും വനത്തിൽ അവിടേയും ഇവിടേയും ഒളിച്ചിരുന്നു. അവരേയും പിന്നീട് ഖുദ്ദാം തിരഞ്ഞുപിടിച്ച് സുരക്ഷിത സ്ഥലത്തെത്തിച്ചു. അവരുടെ ഒരു സെക്യൂരിറ്റി ഇൻചാർജുണ്ടായിരുന്നു. അദ്ദേഹത്തെ പോലീസ് അറസ്റ്റു ചെയ്തു. അദ്ദേഹം ജയിലിലാണുള്ളത്. വലിയ വകുപ്പാണ് അദ്ദേഹത്തിന്റെമേൽ ചുമത്തിയിട്ടുള്ളത്. അല്ലാഹു അദ്ദേഹത്തിന്റെ മോചനത്തിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ.

മിർസാ നാസിർ അഹ്മദിന്റെ ഭാര്യയും മരുമകളും അവരുടെ കുട്ടികളും കാണിച്ച ക്ഷമയും നന്ദിയും പ്രശംസാർഹമാണ്. പാക്കിസ്ഥാനിൽ ഇപ്രാവശ്യം ജമാഅത്തിൽപെടാത്ത ചില സംഘടനകൾ ഈ അക്രമത്തിനെതിരെ ശബ്ദം ഉയർത്തിയിട്ടുണ്ട്. ടി.വിയിൽ പരിപാടികളുണ്ടായി. അതിൽ അവിടെത്തെ ഡി.പി.ഒ യും രാഷ്ട്രീയ നേതാക്കളും നീതിയോടുകൂടി പെരുമാറുമെന്നും കുറ്റവാളികളെ പിടിക്കുമെന്നും പറഞ്ഞിട്ടുണ്ട്. പരിപാടികൾ അവതരിപ്പിക്കുന്ന ആളുകളും ഈ അക്രമത്തിനെതിരെ പ്രോഗ്രാമിൽ പങ്കെടുത്തുകൊണ്ടു സംസാരിച്ചവരും അക്രമത്തിനെതിരെ തുറന്ന നിലയിൽ സംസാരിക്കുകയുണ്ടായി.

ഈ ഫാക്ടറിക്ക് തീവെച്ചതിനുശേഷം കാലാഗോജറായിലേയും മഹ്മൂദായിലേയും നമ്മുടെ ചെറിയ രണ്ടു ജമാഅത്തുകളുടെ മേലും അവർ ആക്രമണം നടത്തുകയുണ്ടായി. ഒരു മസ്ജിദ് സീൽ വെച്ചു. ആദ്യം മൗലവിമാർ മസ്ജിദിനുമേൽ ആക്രമണം നടത്തി. പിന്നീട് മസ്ജിദിലെ വിരിയും സാധനസാമഗ്രികളും പുറത്തിട്ട് കത്തിച്ചു. അതിനുശേഷം കഴുകി. നമസ്കരിച്ചു. പക്ഷേ, ഇത്രയുമായപ്പോൾ പോലീസോ എലിയറ്റ് ഫോർസോ അവരെ പുറത്താക്കി. താഴിട്ട് പൂട്ടി. ഇപ്പോൾ അക്രമകാരികളുടെ കൈയിലല്ല അതുള്ളത്. ഈ രണ്ടു ജമാഅത്തുകളും ഭയാശങ്കയിലാണ്. അല്ലാഹു ആ പ്രദേശത്തെ എല്ലാ അഹ്മദികളേയും സുരക്ഷിതമാക്കിവെക്കട്ടെ. പാക്കിസ്ഥാനിൽ നീതി നിലനില്ക്കുമാറാകട്ടെ. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടേയും-അവരുടെ ജീവിത മാർഗം ഇപ്പോൾ വഴിമുട്ടിയിരിക്കുകയാണ്- ജീവിതമാർഗം നന്നാക്കിത്തീർക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 27.11.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala